# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5023 — 06/02/2014ലെ മറുപടിക്ക്

### ആലപ്പുഴ ജില്ലയിലെ എൽ.ഡി.സി. പരീക്ഷ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ആലപ്പുഴ ജില്ലയിലെ എൽ.ഡി.സി. പരീക്ഷയ്ക്കായി അപേക്ഷിച്ച തസ്നി.എം. രജിസ്റ്റർ നമ്പർഎ-116783-യുടെ അപേക്ഷ സ്വീകരിച്ച് ഹാൾടിക്കറ്റ് നൽകിയശേഷം പരീക്ഷാ ഹാളിൽ എത്തിയപ്പോൾ ഫോട്ടോയിൽ പേരും എടുത്ത തീയതിയും ഇല്ല എന്നതിന്റെ പേരിൽ പുറത്താക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ന്യൂനതയുള്ള അപേക്ഷ നിരസിച്ച് ഹാൾടിക്കറ്റ് ഇഷ്യൂ ചെയ്യാതിരുന്നെങ്കിൽ, അപ്പോൾതന്നെ ന്യൂനത പരിഹരിക്കുന്നതിനും തന്മൂലം പരീക്ഷയെഴുതാൻ കഴിയുമായിരുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 65 ലക്ഷത്തോളം പേർ അപേക്ഷിക്കുന്ന എൽ.ഡി.സി. തസ്തികയ്ക്ക് അപേക്ഷകളുടെ പ്രാഥമിക സൂക്ഷ്മപരിശോധന പ്രായോഗികമല്ല എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ പി.എസ്.സി.യുടെ ഇത്തരം നടപടിയിൽ ആലപ്പുഴ ജില്ലയിൽ പി.എസ്.സി.പരീക്ഷ എഴുതാൻ കഴിയാത്ത എത്ര കുട്ടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; മാനുഷിക പരിഗണന നൽകി ചെറിയ വീഴ്ച മാപ്പാക്കി ഇവർക്ക് മാത്രമായി പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) ഹാൾടിക്കറ്റിലെ ഫോട്ടോയിൽ പേരും, ഫോട്ടോ എടുത്ത തീയതിയും ഇല്ലാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല എന്നുള്ള അറിയിപ്പ് എല്ലാ പത്രമാധ്യമങ്ങളിലൂടെയും കമ്മീഷന്റെ വെബ് സൈറ്റിലൂടെയും പി.എസ്.സി. ബുള്ളറ്റിനിലൂടെയും ആവർത്തിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ ഹാൾടിക്കറ്റിലും പരീക്ഷാ കേന്ദ്രങ്ങളിൽ Register Number display ചെയ്യുന്ന class room allocation board-ലും ടി വിവരം രേഖപ്പെടുത്തുന്നതിനാൽ ഇത്തരത്തിൽ |

ന്യൂനതയുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്ത ഉദ്യോഗാർത്ഥികൾ പരീക്ഷയ്ക്ക് ഹാജരാകാറില്ല. അഥവാ അങ്ങനെ ഹാജരായവരെ പരീക്ഷാ സെന്ററിലെ ഇൻവിജിലേറ്റർമാർ അവർക്ക് നൽകിയിട്ടുള്ള നിർദ്ദേശം കണക്കിലെടുത്ത് പരീക്ഷ എഴുതു വാൻ നിർദ്ദേശിക്കാറുമില്ല. അതിനാൽ അത്തരത്തിൽ പരീക്ഷയ്ക്ക് പരിഗണിക്കപ്പെടാത്ത ഉദ്യോഗാർത്ഥികളുടെ കണക്ക് പി.എസ്.സി.യിൽ ലഭ്യമല്ല. പരീക്ഷ സംബന്ധിച്ച് കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനം മാനിക്കാതിരിക്കുന്ന പ്രവണത ചെറിയ വീഴ്ചയല്ല ഗുരുതരമായ വീഴ്ചയാണ് എന്നും അത് പരീക്ഷയുടെ സാധുതയെതന്നെ ബാധിക്കുന്ന കാര്യമാണെന്നും ഇക്കാര്യം കോടതി പലവട്ടം ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട് എന്നും പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ